# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ത്രിരാഷ്ട്ര സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂസിലൻഡിലെത്തി. ന്യൂസിലൻസ് ഗവർണർ ജനറലുമായും, പ്രധാനമന്ത്രിയുമായും രാഷ്ട്രപതി ഉഭയകക്ഷി ചർച്ച നടത്തും.

   President Draupadi Murmu, who is continuing her three-nation visit, has arrived in New Zealand. The President will hold bilateral talks with the Governor General and Prime Minister of New Zealand.

2. പാരീസ് ഒളിമ്പിക്സ് ഗുസ്തി ഫൈനലിൽ വിനേഷ് ഫോഗട്ട് അയോഗ്യയായ വിഷയത്തിൽ സാധ്യമായ എല്ലാ ഇടപെടലും നടത്തണമെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന് നിർദ്ദേശം നൽകി പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi directed the Indian Olympic Association to take all possible intervention in the matter of Vinesh Phogat's disqualification at the Paris Olympics wrestling finals.

3. വയനാട് ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ദുരന്തബാധിതരായ കുടുംബങ്ങളുടെ പുനരധിവാസം വേഗത്തിലാക്കാനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിക്കുമെന്ന് മന്ത്രിസഭാ ഉപസമിതി.

Leader of Opposition in Lok Sabha Rahul Gandhi wants to declare Wayanad landslide as a national disaster. The cabinet sub-committee said that the state government will take steps to speed up the rehabilitation of disaster-affected families.

4. രാജ്യത്തെ നികുതി നിയമങ്ങളും നടപടിക്രമങ്ങളും കൂടുതൽ ലഘൂകരിക്കുന്നതാണ് കേന്ദ്രസർക്കാരിന്റെ നികുതി സമീപനമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.

   Finance Minister Nirmala Sitharaman said that the central government's tax approach is to further simplify the country's tax laws and procedures.

5. ഒൻപത് സംസ്ഥാനങ്ങളിലെ 12 രാജ്യസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് അടുത്ത മാസം മൂന്നിന് നടക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   The Central Election Commission has announced that by-elections to 12 Rajya Sabha seats in nine states will be held on the 3rd of next month.

6. ശ്രീലങ്കയ്ക്കെതിരായ മൂന്നാം ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് 249 റൺസ് വിജയലക്ഷ്യം.

   India set a target of 249 runs in the 3rd ODI against Sri Lanka.

&&&&&&&&&&&&&&&&&&

## PREZ VISIT

ത്രിരാഷ്ട്ര സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂസിലൻഡിലെത്തി. ന്യൂസിലൻസ് ഗവർണർ ജനറൽ സിൻഡി കിറോയുമായും, പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായും രാഷ്ട്രപതി ഉഭയകക്ഷി ചർച്ചകൾ നടത്തും.

പിന്നീട് വെല്ലിങ്ടണിൽ നടക്കുന്ന വിദ്യാഭ്യാസ സമ്മേളനത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി ഓക്ക്-ലൻഡിൽ ഇന്ത്യൻ സമൂഹവുമായി സംവദിക്കും. രണ്ട് ദിവസത്തെ ഫിജി സന്ദർശനം പൂർത്തിയാക്കിയാണ് ശ്രീമതി മുർമു ഓക്ക്-ലൻഡിലെത്തിയത്. ശനിയാഴ്ച തിമോർ - ലെസ്റ്റെയും രാഷ്ട്രപതി സന്ദർശിക്കും.

&&&&&&&&&&&&&&&&&&

## VINESH REACTION -INTRO

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് നിരാശയേകി ഫ്രീ സ്റ്റൈൽ ഗുസ്തി 50 കിലോഗ്രാം വിഭാഗത്തിൽ വിനേഷ് ഫോഗട്ട് അയോഗ്യയായി. ഫൈനൽ മത്സരത്തിനു മുമ്പ് ഇന്ന് രാവിലെ നടന്ന ഭാരപരിശോധനയിൽ, നിശ്ചിത ഭാരത്തെക്കാൾ, ഏതാനും ഗ്രാമുകൾ കൂടിയതാണ് അയോഗ്യതയ്ക്ക് കാരണമായത്. വിഷയത്തിൽ സാധ്യമായ എല്ലാ ഇടപെടലും നടത്തണമെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന് പ്രധാനമന്ത്രി നരേന്ദ്രമോദി നിർദ്ദേശം നൽകി.

***വിശദാംശങ്ങളിലേക്ക്..***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## LS- OLYMPICS

ഒളിമ്പിക്സിൽ വനിതാ ഗുസ്തി താരം വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയ വിഷയത്തിൽ ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ, യുണൈറ്റഡ് വേൾഡ് റെസ്ലിംഗിൽ പ്രതിഷേധം അറിയിച്ചതായി കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. വനിതാ ഗുസ്തി താരങ്ങൾക്ക് കേന്ദ്രം എല്ലാ പിന്തുണയും ഉറപ്പു വരുത്തുന്നുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ട് ഐഒഎ പ്രെസിഡന്റുമായി വിഷയം ചർച്ച ചെയ്തതായും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## WAYANAD MEETING

വയനാട്ടിൽ മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലിന് ഇരയായ മുഴുവൻ കുടുംബങ്ങളുടെയും പുനരധിവാസം സാധ്യമാക്കുന്നതിനുള്ള സത്വര നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് മന്ത്രിസഭാ ഉപസമിതി. ഉരുൾപൊട്ടൽ ദുരിതം വിതച്ച പ്രദേശങ്ങളിൽ നിന്നുള്ള കൃത്യമായ ഡാറ്റയുടെ അടിസ്ഥാനത്തിലാണ് പുനരധിവാസ പാക്കേജ് തയ്യാറാക്കുകയെന്ന് മന്ത്രി കെ രാജൻ യോഗത്തിൽ അറിയിച്ചു. ക്യാമ്പുകളിൽ കഴിയുന്നവരുടെ താത്ക്കാലിക പുനരധിവാസത്തിനാണ് സർക്കാർ ഇപ്പോൾ ഊന്നൽ നൽകുന്നത്. ഇതിനായി സർക്കാർ ക്വാട്ടേഴ്സുകൾ, ഹോട്ടലുകൾ, ഹോം സ്റ്റേകൾ, ഹോസ്റ്റലുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തും. ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകളിൽ ക്ലാസ്സുകൾ എത്രയും വേഗം

തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കും. ചാലിയാർ പുഴ കേന്ദ്രീകരിച്ച് പോലീസും നാട്ടുകാരും സംയുക്തമായി നടത്തുന്ന തെരച്ചിൽ തുടരുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## WYND SEARCH

ഉരുൾപൊട്ടൽ മേഖലയിൽ സൈന്യത്തിന്റെ നേതൃത്വത്തിൽ നടത്തിയ തിരച്ചിൽ ഇന്നത്തേക്ക് അവസാനിപ്പിച്ചു. സൺറൈസേഴ്സ് വാലി കേന്ദ്രീകരിച്ചായിരുന്നു പ്രധാനമായും തിരച്ചിൽ നടത്തിയത്. ചാലിയാർ ഭാഗത്ത് നിന്ന് ഇന്നും മൃതദേഹാവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## PM WAYANAD

പ്രധാനമന്ത്രി നരേന്ദ്ര മോദി ശനിയാഴ്ച വയനാട്ടിലെത്തും. ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് സന്ദർശനം. ഇക്കാര്യം സംസ്ഥാന സർക്കാരിനെ ഔദ്യോഗികമായി അറിയിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## LS-RAHUL GANDHI

വയനാട് ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ദുരന്തബാധിതർക്കുള്ള നഷ്ടപരിഹാരത്തുക

വർധിപ്പിക്കണമെന്ന് അദ്ദേഹം ലോക്സഭയിൽ ആവശ്യപ്പെട്ടു. വയനാട്ടിൽ ദുരന്തങ്ങളെ അതിജീവിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സമഗ്രമായ പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണമെന്നും അദ്ദേഹം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചു. വയനാട്ടിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളെയും രാഹുൽഗാന്ധി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

## MISSING LIST

വയനാട് ഉരുൾപൊട്ടലിൽ കാണാതായവരുടെ കരട് പട്ടിക ജില്ലാ ഭരണകൂടം പ്രസിദ്ധീകരിച്ചു. ആദ്യ പട്ടികയിൽ 138 പേരാണുള്ളത്. പൊതുജനങ്ങൾക്ക് പട്ടികയിലുള്ളവരെ കുറിച്ച് എന്തെങ്കിലും വിവരങ്ങൾ ഉണ്ടെങ്കിൽ അറിയിക്കാം. wayanad.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പടെ പട്ടിക ലഭ്യമാകും.

&&&&&&&&&&&&&&&&&&

## ECI- RS NOTIFICATION

രാജ്യത്തെ ഒൻപത് സംസ്ഥാനങ്ങളിലെ 12 രാജ്യസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. ഇത് സംബന്ധിച്ച വിജ്ഞാപനം ഈ മാസം 14ന് പുറപ്പെടുവിക്കും. 21 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. പത്രികകളുടെ സൂക്ഷ്മപരിശോധന 22-ന് നടക്കും. അടുത്ത മാസം മൂന്നിനാണ് തിരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&&&

## LS FINANCE BILL

രാജ്യത്തെ നികുതി നിയമങ്ങളും നടപടിക്രമങ്ങളും കൂടുതൽ ലഘൂകരിക്കുന്നതാണ് കേന്ദ്രസർക്കാരിന്റെ നികുതി സമീപനമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ. ഇത് രാഷ്ട്ര വികസനവും കൂടുതൽ തൊഴിലവസരങ്ങളും സാധ്യമാക്കുന്നുവെന്നും മന്ത്രി പറഞ്ഞു. ലോക്സഭയിൽ ധനകാര്യ ബില്ലിന്മേലുള്ള ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു ശ്രീമതി നിർമല സീതാരാമൻ. നികുതി ഗണ്യമായി വർധിപ്പിക്കാതെ, കൂടുതൽ സുതാര്യതയോടെയുള്ള നികുതി വ്യവസ്ഥയാണ് സർക്കാർ കൊണ്ടുവന്നതെന്ന് കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി. തുടർന്ന് ബിൽ പാസ്സാക്കിയ ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. സഭാ നടപടികൾ അവസാനിപ്പിച്ച് രാജ്യസഭയും പിരിഞ്ഞു.

&&&&&&&&&&&&&&&&&&

## OLYMPICS

പാരീസ് ഒളിമ്പിക്സിൽ ഇന്ന് നടന്ന മത്സരങ്ങളിൽ ഇന്ത്യക്ക് നിരാശ. വനിതകളുടെ 53 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ അന്തിം പങ്കൽ തുർക്കിയുടെ സിനെപ് യെത്ഗിലിനോട് പരാജയപ്പെട്ടു. ഇന്ത്യയുടെ വനിതാ ടേബിൾ ടെന്നീസ് ടീം ക്വാർട്ടർ ഫൈനലിൽ ജർമ്മനിയോട് 3-1 ന് തോറ്റു. ജാവലിൻ ത്രോ താരം അന്നു റാണിക്കും ഫൈനലിലേക്ക് യോഗ്യത നേടാനായില്ല. മാരത്തൺ റേസ് വാക്ക് മിക്സഡ് റിലേയിൽ

ഇന്ത്യയുടെ സൂരജ് പൻവാറും പ്രിയങ്ക ഗോസ്വാമിയും മത്സരം പൂർത്തിയാക്കിയില്ല. അതേസമയം വനിതകളുടെ 100 മീറ്റർ ഹർഡിൽസിൽ ഏഴാം സ്ഥാനത്തെത്തിയ ജ്യോതി യർരാജി അടുത്ത റൗണ്ടിൽ മത്സരിക്കാനുള്ള യോഗ്യത നേടി.

അത്ലറ്റിക്സിൽ പുരുഷന്മാരുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേസ് ഫൈനലിൽ മെഡൽ ലക്ഷ്യമിട്ട് അവിനാഷ് സാബിൾ ഇന്നിറങ്ങും.

&&&&&&&&&&&&&&&&&&

## CRICKET

ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള മൂന്നാം ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ശ്രീലങ്കക്കെതിരെ ഇന്ത്യയ്ക്ക് 249 റൺ വിജയലക്ഷ്യം. ടോസ് നേടിയ ശ്രീലങ്ക നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 248 റൺ നേടി. ശ്രീലങ്ക പരമ്പരയിൽ 1-0 ത്തിന് മുന്നിലാണ്.

&&&&&&&&&&&&&&&&&&

## BANGLADESH – INTERIM GOVT

ബംഗ്ലാദേശിൽ ഇടക്കാല സർക്കാരിൻറെ തലവനായി നൊബേൽ സമ്മാന ജേതാവ് മൊഹമ്മദ് യുനുസിനെ നിയമിച്ചു. ധാക്കയിൽ മൂന്ന് സൈനിക മേധാവികളുമായും, വിവേചന വിരുദ്ധ വിദ്യാർത്ഥി പ്രസ്ഥാനത്തിൻറെ 13 അംഗ

പ്രതിനിധി സംഘവുമായും പ്രസിഡൻറ് മുഹമ്മദ് ഷഹാബുദ്ദീൻ നടത്തിയ ചർച്ചകൾക്ക് ശേഷമാണ് തീരുമാനം. ഇടക്കാല സർക്കാറിലെ മറ്റ് അംഗങ്ങളെ വിവിധ രാഷ്ട്രീയ കക്ഷികളുമായുള്ള ചർച്ചയ്ക്ക് ശേഷം തീരുമാനിക്കും. വിദ്യാർത്ഥി പ്രക്ഷോഭം ശക്തമായ സാഹചര്യത്തിൽ പ്രധാനമന്ത്രിപദം രാജി വച്ച് ഷേഖ് ഹസീന രാജ്യം വിട്ട പശ്ചാത്തലത്തിലാണ് നടപടി.

&&&&&&&&&&&&&&&&&&

## ASWANI VAISHNAV

തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടെ തൊഴിലാളി മരിച്ച സംഭവത്തിൽ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുള്ള

റിപ്പോർട്ട് സംസ്ഥാന തൊഴിൽ വകുപ്പിന് കീഴിലുള്ള വർക്ക് മെൻസ് കോമ്പൻസേഷന് സമർപ്പിച്ചിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി അശ്വനി വൈഷ്ണവ് എൻ.കെ. പ്രേമചന്ദ്രൻ എം.പി ക്ക് ലോക്സഭയിൽ മറുപടി നൽകി. റയിൽവേ സ്റ്റേഷനുകളും ട്രാക്കുകളും വൃത്തിയായി സൂക്ഷിക്കുന്നതിനും പരിസര ശുചിത്വം ഉറപ്പാക്കുന്നതിനുമുള്ള നിയമ വ്യവസ്ഥകളനുസരിച്ച് നടപടി സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## CABINET

കേരളത്തിൽ സ്കൂൾ പരീക്ഷകളിൽ ഓരോ വിഷയത്തിനും മിനിമം മാർക്ക് ഏർപ്പെടുത്തുന്നതിന് മന്ത്രിസഭാേയാഗം അനുമതി നൽകി. ഈ അക്കാദമിക വർഷത്തിൽ 8-ാം ക്ലാസ്സിലും, അടുത്ത രണ്ട് വർഷങ്ങളിലായി 9,10 ക്ലാസുകളിലും ഘട്ടംഘട്ടമായി തീരുമാനം നടപ്പാക്കും.

&&&&&&&&&&&&&&&&&&

## RS-RTE

പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള വിദ്യാഭ്യാസ അവകാശ നിയമം പഞ്ചാബ്, തെലങ്കാന, കേരളം, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങൾ നടപ്പാക്കിയിട്ടില്ലെന്ന് കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി ജയന്ത് ചൗധരി. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ വിദ്യാഭ്യാസമേഖലയിൽ സംസ്ഥാനസർക്കാരുകൾക്ക് പ്രസക്തമായ നിയമങ്ങൾ ഉണ്ടാക്കാമെന്നും അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&